ശ്രദ്ധക്ഷണിക്കൽ

(1) ധനസഹായം ലഭ്യമാക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, കേന്ദ്ര ഗവൺമെന്റിന്റെ പ്രതികാരത്തോടുകൂടിയെന്ന് തോന്നിപ്പിക്കുന്ന നടപടികൾ കേരളത്തെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് തള്ളിവിട്ടിരിക്കുകയാണ്. ഭരണ ഘടന ഭേദഗതി അനുസരിച്ച് ജി.എസ്.ടി.-യിൽനിന്ന് കേരളത്തിന് ലഭിക്കേണ്ട അർഹമായ വിഹിതം സമയത്തിന് കേന്ദ്ര ഗവൺമെന്റ് ലഭ്യമാക്കുന്നില്ല. അതുപോലെതന്നെ നമുക്ക് അവകാശപ്പെട്ട നഷ്ടപരിഹാരം, പ്രത്യേകിച്ച് കേരളത്തിന് അറിയിപ്പൊന്നും നൽകാതെ അത് തടഞ്ഞ് വയ്ക്കുകയെന്നത് കേന്ദ്രത്തിന് ഒരു വിനോദംപോലെ ആയിരിക്കുകയാണ്. സെപ്റ്റംബർ-ഒക്ടോബർ മാസത്തെ കുടിശ്ശിക നൽകാതിരുന്നതിന് കേരളത്തിന്റെ ധനകാര്യമന്ത്രി നിരന്തരമായി ആവശ്യപ്പെടുകയും ഒടുവിൽ കോടതിയെ സമീപിക്കേണ്ടിവരുമെന്ന നിലപാടെടുക്കുകയും ചെയ്തപ്പോഴാണ് മടിച്ച്മടിച്ച് ആ കാലത്തെ കുടിശ്ശിക ലഭിച്ചത്. ഇനിയിപ്പോൾ, നവംബർ-ഡിസംബർ മാസത്തെ നഷ്ടപരിഹാര തുക ലഭിക്കാനുണ്ട്. ജനുവരി-ഫെബ്രുവരി മാസത്തെ

ലഭിച്ചിട്ടില്ല. ഇതിനൊന്നും ഒരു വിശദീകരണവും നൽകാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകുന്നില്ല. സംസ്ഥാനം നിരന്തരമായി കത്തുകൾ അയച്ചിട്ടും മൗനമാണ് കേന്ദ്ര ഗവൺമെന്റ് മറുപടിയായി നൽകുന്നത്. ഇത് എല്ലാ ഫെഡറൽ തത്വങ്ങളുടെയും ലംഘനമാണ്. ഒരുതരത്തിലും സംസ്ഥാനങ്ങളുടെ അവകാശങ്ങളെ ബഹുമാനിക്കുകയോ സംസ്ഥാനത്തെ കാര്യങ്ങളെക്കുറിച്ച് അനുഭാവ പൂർണ്ണമായ പരിഗണന നടത്തുകയോ ചെയ്യാത്ത ഒരു കേന്ദ്ര ഗവൺമെന്റാണ് ഇപ്പോൾ ദൗർഭാഗ്യവശാൽ നമ്മുടെ രാജ്യം ഭരിക്കുന്നത്. അതുപോലെ കേരളത്തിന് കടമെടുക്കാനുള്ള പരിധി കേന്ദ്ര ഗവൺമെന്റ് ഏകപക്ഷീയമായി വെട്ടിക്കുറച്ചു. ഈ സാമ്പത്തിക വർഷത്തിൽ 24,915 കോടി രൂപ കടമെടുക്കുന്നതിന് അർഹതയുണ്ട്. എന്നാൽ കേന്ദ്രം പറയുന്നത് 16,602 കോടി രൂപ മാത്രമാണ് കടമെടുക്കാൻ അർഹതയുള്ളൂയെന്ന്. ഇതിനും സംസ്ഥാനവുമായി ആലോചിക്കുകയോ ഏതെങ്കിലും വിശദീകരണം നൽകുകയോ ചെയ്തിട്ടില്ല. ഇതിന്റെയെല്ലാം ഫലമായി നമ്മുടെ ട്രഷറി കടുത്ത പ്രതിസന്ധിയിലായി. പ്രളയകാലത്ത് നമ്മൾ ചോദിച്ച തുക കേന്ദ്രം നൽകിയില്ലായെന്നുള്ളത് എല്ലാവർക്കും അറിയാം. വിദേശത്തുനിന്നും സഹായം സ്വീകരിക്കാൻ പാടില്ലായെന്ന നിലപാട് സ്വീകരിച്ചു. വിദേശ

മലയാളികളിൽനിന്ന് നമുക്ക് വാഗ്ദാനം ചെയ്യപ്പെട്ട സഹായം സ്വീകരിക്കാനും അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളിൽനിന്നുള്ള വായ്പയെടുക്കാനും അനുവദിച്ചില്ല. ഇത്തരത്തിൽ ഏകപക്ഷീയമായി കേരളത്തോട് പ്രതികാരം ചെയ്യുന്ന രീതിയിലുള്ള നടപടികളാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. ദുരിതാശ്വാസ പ്രവർത്തനത്തിന് അനുവദിച്ച അരിക്കും രക്ഷാ പ്രവർത്തനത്തിന് അയച്ച ഹെലികോപ്റ്ററിനും കണക്കുപറഞ്ഞ് പണം വാങ്ങി. 2019-ലെ പ്രളയത്തിന് ഒരു സഹായവും കേന്ദ്രം നൽകിയില്ല. ഇത്തരത്തിലുള്ള കേന്ദ്ര ഗവൺമെന്റിന്റെ ധിക്കാരപരമായ നടപടികൾക്കെതിരെ ഒരുവശത്ത് രാഷ്ട്രീയമായി ഇന്ത്യാ രാജ്യത്തെ കീറിമുറിക്കുകയും വർഗ്ഗീയമായി ചേരിതിരിക്കുകയും ചെയ്യുമ്പോൾ നമ്മുടെ സംസ്ഥാനങ്ങളോട് കടുത്ത അവഗണനയാണ് കാണിക്കുന്നത്. പ്രത്യേകിച്ച്, കേരളം പോലെയുള്ള ഒരു സംസ്ഥാനം തങ്ങളുടെ രാഷ്ട്രീയത്തിന് മുന്നോട്ട് പോകാൻ കഴിയാത്ത ഒരു സംസ്ഥാനമാണെന്നുള്ള നിലയിൽ ഏതെല്ലാം തരത്തിൽ ജനാധിപത്യ വിരുദ്ധമായ രീതിയിൽ ഫെഡറൽ തത്വങ്ങൾക്കെതിരായി കേരളത്തെ ഞെരുക്കുകയെന്നുള്ളതാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന നയം. ഇതിനെതിരായി ഭരണഘടനാപരമായും നിയമപരമായും എന്തെല്ലാം

നടപടികളാണ് കേരള ഗവൺമെന്റ് കൈകൊള്ളാൻ പോകുന്നത്?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഇന്ന് 15-ാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് ചർച്ച ചെയ്യുന്ന വേളയിൽ ഏറ്റവും പ്രസക്തമായിട്ടുള്ള കാര്യം തന്നെയാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. ധനകാര്യ കമ്മീഷന്റെ പരാമർശ അന്വേഷണ വിഷയങ്ങൾ തീരുമാനിച്ചപ്പോൾ കേരളം വളരെ ശക്തമായ പ്രതിഷേധം അറിയിക്കുകയുണ്ടായി.1971-ലെ ജനസംഖ്യ അടിസ്ഥാനമാക്കുന്നതിനുപകരം 2011-ലെ ജനസംഖ്യ അടിസ്ഥാനമാക്കണമെന്ന് ആവശ്യപ്പെട്ടു. അതാണ് ടേംസ് ഓഫ് റഫറൻസിൽ ഉണ്ടായിരുന്നത്. 1971-ൽ നമുക്ക് നൽകിയിട്ടുള്ള ഒരു വാഗ്ദാനമായിരുന്നു അത്. കേരളം പോലുള്ള സംസ്ഥാനങ്ങൾക്ക് ഫലപ്രദമായി ജനസംഖ്യാ നിയന്ത്രണം ഏർപ്പെടുത്തിയാൽ നഷ്ടം വരികയില്ല. ഭാവിയിൽ, 1971-ലെ കാനേഷുമാരി കണക്കിന്റെ അടിസ്ഥാനത്തിൽ കണക്കുകൂട്ടാമെന്ന് പറഞ്ഞു. അത് 2011 ആയി കേന്ദ്ര സർക്കാർ തന്നെ നിശ്ചയിച്ചു. അതിനെത്തുടർന്ന് തിരുവനന്തപുരത്തുവച്ച് ആദ്യം ധനമന്ത്രിമാരുടെ സമ്മേളനം നടത്തി. ഡൽഹിയിലും വിജയവാഡയിലും സമ്മേളനം നടന്നു. അത്തരത്തിലുള്ള വലിയൊരു ഇടപെടൽ വരികയും നഷ്ടം

സംഭവിക്കാവുന്ന, കേന്ദ്ര സർക്കാരിനോടൊപ്പം നിൽക്കുന്ന തമിഴ്നാടുപോലും ഇതിൽ പ്രതിഷേധം രേഖപ്പെടുത്താനും തുടങ്ങിയപ്പോൾ ഇത്തരത്തിൽ ഒരു തിരിച്ചടി ഉണ്ടാകുന്ന സംസ്ഥാനങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നതിനുള്ള രീതിയുണ്ടാകുമെന്ന് പ്രധാനമന്ത്രിതന്നെ ചെന്നൈയിൽ വച്ച് പ്രസ്താവിച്ചു. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ റിപ്പോർട്ട് വന്നപ്പോൾ നമ്മുടെ വിഹിതം പ്രതീക്ഷിച്ചതിനേക്കാൾ വളരെ കുറവാണ്. കാരണം കേന്ദ്ര നികുതിയുടെ 1.93 ശതമാനം മാത്രമേ കേരളത്തിനുള്ളൂ. എന്നാൽ നമുക്കിപ്പോൾ 2.5 ശതമാനമുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ ധനകാര്യ ചരിത്രത്തിൽ ഏറ്റവും താഴ്ന്ന വിഹിതമാണ് നമുക്ക് ലഭിച്ചിട്ടുള്ളത്. 14-ാം ധനകാര്യ കമ്മീഷന്റെ തീർപ്പ് പ്രകാരം ഏതാണ്ട് 18,000 കോടി രൂപ ലഭിച്ചെങ്കിൽ ഇപ്പോൾ 15,535 കോടി രൂപയേ ലഭിക്കുകയുള്ളൂ. പത്ത് ശതമാനം വർദ്ധനവ് കണക്കാക്കുകയാണെങ്കിൽ 20,000-ത്തിന് മുകളിൽ വരേണ്ടതാണ്. അതിനുപകരം 15,535 കോടി രൂപയേ ലഭിക്കുകയുള്ളൂ. ഒരു പ്രമുഖ പത്രത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്, കേരളത്തിന് ഇതുമൂലം വലിയ റവന്യൂ കമ്മി വരും. അത് നികത്തുന്നതിനുവേണ്ടി പതിനയ്യായിരത്തിൽപ്പരം കോടി രൂപ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി നൽകും. ഈ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് നൽകുന്നത്

തുടരണമോ വേണ്ടയോ എന്നുള്ളതായിരുന്ന ടേംസ് ഓഫ് റഫറൻസിലുള്ള ഒരു വിഷയം. സംസ്ഥാന സർക്കാരുകളുടെ സമ്മേളനങ്ങളിൽ ശക്തമായി ഇതിനെ ചെറുത്തതുകൊണ്ട് ഫിനാൻസ് കമ്മീഷൻ ഞങ്ങളെ തൊടാൻ പോകുന്നില്ല എന്ന് പറഞ്ഞു. ആ വകുപ്പ് ഉപയോഗിച്ചാണ് നമുക്ക് ഇത്രയും വലിയൊരു ഗ്രാന്റ് നൽകുന്നതിന് തീരുമാനിച്ചത്. സംസ്ഥാനങ്ങൾക്ക് എഴുപത്തിനാലായിരം കോടി രൂപയുടെ റവന്യൂ ഡെഫിസിറ്റിനുവേണ്ടി ധനകമ്മീഷൻ ശിപാർശ ചെയ്തു. എന്നാൽ പാർലമെന്റിൽ കഴിഞ്ഞ ദിവസം ധനകാര്യ വകുപ്പുമന്ത്രി സംസാരിക്കുമ്പോൾ, അവർ ഉപയോഗിച്ച ഒരു വാക്കുണ്ട് - ധന കമ്മീഷന്റെ ശിപാർശകൾ ഞങ്ങൾ substantially അംഗീകരിക്കുന്നു, പൂർണ്ണമായി അംഗീകരിക്കുന്നില്ല എന്നാണ്. എഴുപത്തിനാലായിരം കോടി രൂപയ്ക്കുപകരം മുപ്പതിനായിരം കോടി രൂപ മാത്രമാണ് സംസ്ഥാനങ്ങൾക്ക് റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. 'പ്രോ-റേറ്റ്'യായി വെട്ടിക്കുറയ്ക്കുകയാണെങ്കിൽ കേരളത്തിന് 5,800 കോടി രൂപയേ ലഭിക്കുകയുള്ളൂ. 15,535 കോടി രൂപ ധനകമ്മീഷൻ പത്തു റിപ്പോർട്ടുകൾ പ്രകാരം ശിപാർശ ചെയ്യുക, ബഡ്ജറ്റിൽ 5,535 കോടി രൂപ വകയിരുത്തുക, ഇതിൽപ്പരം അനീതി ഒരു സംസ്ഥാനത്തിനോട് ചെയ്യാനുണ്ടോ; ഇത് ഒരു

സംസ്ഥാനത്തോടെന്നല്ല, ഇതുപോലുള്ള സംസ്ഥാനങ്ങളോടെല്ലാമുള്ള ഒരനീതിയാണ്. എഴുപത്തിനാലായിരം കോടി രൂപ - ഇന്ത്യാ ചരിത്രത്തിലാദ്യമായിട്ടാണ് ധനകാര്യ കമ്മീഷന്റെ ശിപാർശ ഇതുപോലെ തള്ളിക്കളഞ്ഞ് പകുതിതുകപോലും മാറ്റിവയ്ക്കാത്ത അവസ്ഥയുണ്ടായിട്ടുള്ളത്. ഇത് നമ്മുടെ സമ്പദ്ഘടനയിൽ, സർക്കാരിന്റെ ഖജനാവിൽ, വലിയ ആഘാതം ഉണ്ടാക്കുമെന്നതിന് സംശയമില്ല. ഇവിടെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതുപോലെ, കേന്ദ്ര സർക്കാരിന്റെ ഒരു മനോഭാവത്തിന്റെ തുടർച്ചയായാണ് ഇത് വന്നിട്ടുള്ളത്. ബി.ജെ.പി.-ക്ക് ഇന്ത്യയിലെ ഭൂരിപക്ഷം സംസ്ഥാനങ്ങളിലും അധികാരം നഷ്ടപ്പെട്ടതോടുകൂടി നമ്മളോടുമാത്രമല്ല, സംസ്ഥാനങ്ങളുടെ അവകാശങ്ങളോടുതന്നെ പുല്ലുവില കൽപ്പിക്കുന്ന ഒരു സമീപനത്തിലേയ്ക്ക് വന്നിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിനോട് കാണിച്ച കാര്യങ്ങളൊക്കെ ബഹുമാനപ്പെട്ട അംഗം സുരേഷ് കുറുപ്പ് ഉന്നയിച്ചുകഴിഞ്ഞു. ഞാൻ അതൊന്നും ആവർത്തിക്കുന്നില്ല. ഈ വർഷം 24,000 കോടി രൂപ വായ്പ ഉണ്ടാകേണ്ടതായിരുന്നു. വർഷംപകുതി എത്തിയപ്പോൾ പറയുന്നത് 5,300 കോടി രൂപ കുറച്ചേ കിട്ടുകയുള്ളൂവെന്നാണ്. ആ കണക്കുവച്ച് നോക്കുകയാണെങ്കിൽ അവസാനത്തെ മൂന്ന് മാസം 4,900 കോടി രൂപ

കിട്ടേണ്ടതാണ്. അവസാനം ഓർഡർ വന്നപ്പോൾ 4,900 കോടി രൂപ ഇല്ല, 1900 കോടി രൂപയാണ് കിട്ടിയത്. അതിന് ന്യായം പറയുന്നത്, 2016-17-ൽ ട്രഷറി ഡെപ്പോസിറ്റുകൾ വർദ്ധിച്ചു. അതിന്റെ ഫലമായി പബ്ലിക്ക് അക്കൗണ്ടിൽനിന്നുള്ള ബഡ്ജറ്റിലേയ്ക്കുള്ള ബോറോയിംഗ് വർദ്ധിച്ചുവെന്നാണ്. ട്രഷറി ഡെപ്പോസിറ്റ് എന്നുപറയുന്നത് ഡിപ്പാർട്ടുമെന്റുകൾ ചെലവഴിക്കാതെ സൂക്ഷിക്കുന്ന പണം, ജീവനക്കാരുടെ കുടിശ്ശിക, പി.എഫ്.-ൽ ലയിപ്പിക്കുന്നത് ഇവയെല്ലാം ഉൾപ്പെടുന്നതാണ്. ആദ്യമായാണ് പബ്ലിക്ക് അക്കൗണ്ടിൽ ഡെപ്പോസിറ്റ് ബോറോയിംഗായി പരിഗണിച്ചുകൊണ്ട് മൂന്നുവർഷം മുമ്പുണ്ടായിരുന്ന കണക്കനുസരിച്ച് സംസ്ഥാനത്തിന്റെ ബോറോയിംഗ് വെട്ടിക്കുറയ്ക്കുന്നത്. ഇതുകൊണ്ടും തീരുന്നില്ല. മാന്ദ്യത്തിന്റെ ഭാഗമായി കേന്ദ്ര നികുതി വിഹിതം രണ്ടായിരം കോടി രൂപ കുറഞ്ഞിട്ടുണ്ട്. ശ്രീ. കെ. സുരേഷ് കുറുപ്പ് പറഞ്ഞതുപോലെ, ജി.എസ്.ടി. കോമ്പൻസേഷൻ 1600 കോടി രൂപ ഇനിയും ലഭിക്കാനുണ്ട്. ഇതെല്ലാംകൂടി വരുമ്പോൾ അവസാനത്തെ മൂന്ന് മാസക്കാലത്തെ ചെലവിനായി 35000 കോടി രൂപ വേണ്ടിവരുന്നതിൽ ഏതാണ്ട് 12000 കോടി രൂപ കേന്ദ്ര സർക്കാർ ഈ നടപടികളിലൂടെ എടുത്തുമാറ്റിയിരിക്കുകയാണ്. ഒരു സംസ്ഥാനത്തിന്റെ ധന മാനേജ്മെന്റിന്റെ

പ്രശ്നങ്ങളെയൊന്നും പുല്ലുവിലപോലും കൽപ്പിക്കാത്ത രീതിയിൽ..... എത്രതരും; നിങ്ങളുടെ നികുതി എത്രവരും; എന്നുപോലും പറയാതിരുന്നിട്ട് ജി.എസ്.ടി കോമ്പൻസേഷൻ സെസ്സിൽനിന്നും കിട്ടുന്ന പണത്തിൽനിന്നുമാത്രമേ തരാൻ സാധിക്കുകയുള്ളൂവെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നു. കോമ്പൻസേഷൻ നൽകാൻ ആ സെസ്സ് പോര. മാന്ദ്യംമൂലം നികുതി വരുമാനം കുറഞ്ഞിരിക്കുകയാണ്. ഇങ്ങനെയൊരു സാഹചര്യമുണ്ടായാൽ എന്ത് ചെയ്യും എന്നുള്ള കാര്യത്തെ സംബന്ധിച്ച് ജി.എസ്.ടി കൗൺസിലിൽ ചർച്ച നടന്നപ്പോൾ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി സംസ്ഥാനങ്ങൾക്ക് നൽകിയ ഉറപ്പിൽ പറയുന്നത്, നിങ്ങൾ അതിനെക്കുറിച്ച് പേടിക്കേണ്ട കാര്യമില്ല, 28-ാമത്തെ യോഗത്തിൽ നടത്തിയിട്ടുള്ള മിനിറ്റ്സിൽ കൃത്യമായി പറഞ്ഞിരിക്കുകയാണ്. ഇങ്ങനെയൊരു സാഹചര്യം വന്നാൽ എന്താണ് പ്രശ്നമുള്ളത്, താൽക്കാലികമായി കടം വാങ്ങി നിങ്ങൾക്ക് തരും, സെസ്സ് ഒരു വർഷത്തേയ്ക്കുകൂടി നീട്ടിക്കഴിഞ്ഞാൽ ആ കടം വീട്ടാനും സാധിക്കും. ആ ലളിതമായ മാർഗ്ഗം ഉപയോഗപ്പെടുത്തുന്നതിനുപകരം ജി.എസ്.ടി. സെസ്സിന്റെ വരുമാനമനുസരിച്ചേ കോമ്പൻസേഷൻ നൽകൂ എന്നുള്ളൊരു നിലപാട് കേന്ദ്ര

സർക്കാർ സ്വീകരിച്ചിരിക്കുകയാണ്. ഇത് സംസ്ഥാനങ്ങളുടെ ധനസ്ഥിതിയിൽ വലിയ അനിശ്ചിതത്വം കൊണ്ടുവന്നിരിക്കുകയാണ്. ഇത് ഫെഡറൽ തത്വങ്ങൾക്കെതിരാണ്. ഇതിനെതിരായി കേരളം എന്ത് ചെയ്യാൻ ഉദ്ദേശിക്കുന്നു എന്നുള്ളതാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. ഒന്ന്, മറ്റ് സംസ്ഥാനങ്ങളോട് ഇതുസംബന്ധിച്ച് സംസാരിക്കേണ്ടതുണ്ട്. ഛണ്ഡിഗഡിൽവച്ച് ഈ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി മറ്റ് സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാരുമായി ഒരു യോഗം നടത്തുന്നതിനെക്കുറിച്ചുള്ള ആലോചന നടക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽമാത്രമേ യോജിച്ച ഒരു നിലപാട് സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. അതിന്റെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ സംബന്ധിച്ച് ഒരു നിയമ നടപടിക്കുള്ള സാധ്യതയുണ്ട്. ഇത്തരം കാര്യങ്ങളെല്ലാം ഗൗരവമായി ആലോചിക്കും. ഇത് സംബന്ധിച്ച് വലിയൊരു പൊതുജനാഭിപ്രായം നമ്മുടെ സംസ്ഥാനത്തിനകത്തും പുറത്തും വളർത്തിയെടുക്കേണ്ടതുണ്ട്. ഫെഡറൽ സംവിധാനത്തെ ആകെ തകർക്കുന്ന ഒരു സ്ഥിതിയിലേയ്ക്ക് കേന്ദ്ര സർക്കാർ നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇതിനെതിരായി ശക്തമായ ഒരു നിലപാട് കേരളം സ്വീകരിക്കുന്നുണ്ട്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, മറ്റ് സംസ്ഥാനങ്ങളുമായിചേർന്ന് ഏത് തരത്തിലുള്ള നീക്കങ്ങളാണ് കേരളാ ഗവൺമെന്റ് ആലോചിക്കുന്നത്; ഇതിന് ഭരണഘടനാപരമായിത്തന്നെ ബാധ്യതയുള്ള ഒരു കാര്യത്തിന്റെ ലംഘനമാണ് കേന്ദ്രഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. യാതൊരു തരത്തിലുള്ള വിശദീകരണങ്ങളും സംസ്ഥാനങ്ങൾക്ക് നൽകാതെയും സംസ്ഥാനങ്ങളുടെ കത്തുകൾക്കുപോലും മറുപടി നൽകാതെയുമാണ് ഈ കാര്യം ധിക്കാരപൂർവ്വം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അപ്പോൾ സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രിമാരുടെ യോഗത്തിൽവച്ച് ഏത് തരത്തിലുള്ള നീക്കത്തിനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, നാലുവട്ടം സംസ്ഥാനത്തെ ധനകാര്യ വകുപ്പുമന്ത്രിമാരുടെ സമ്മേളനം സെമിനാറെന്ന രൂപത്തിലോ, conclave എന്ന രൂപത്തിലോയൊക്കെ നടന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യൻ യൂണിയൻ പ്രസിഡന്റിനുതന്നെ ഒരാക്ഷേപം നമ്മൾ നൽകിയത്. ആ ഇടപെടലിന് ഫലമുണ്ടായി. ഇപ്പോൾ ധനകാര്യകമ്മീഷന്റെ അവസാന റിപ്പോർട്ട് വരാൻ പോകുന്നതേയുള്ളൂ. ഇത് ഇന്റെരിം റിപ്പോർട്ട് ആണ്. കേന്ദ്ര

സർക്കാർ പറയുന്നത്, നിങ്ങൾ എന്ത് പറഞ്ഞാലും ഞങ്ങൾക്ക് ഇഷ്ടമുള്ളത് അവസാനം തീരുമാനിക്കുമെന്നുള്ളതാണ്. ഈ ധനകാര്യ കമ്മീഷനെ നിയോഗിച്ച സമയത്ത് എത്ര ശക്തമായിട്ടാണോ നമ്മൾ മറ്റ് സംസ്ഥാനങ്ങളുമെല്ലാമായി ചേർന്ന് ഇടപെട്ടത്, അതുപോലെ കൂട്ടായി ഇടപെടേണ്ടതുണ്ട്. അതിനുള്ള നടപടികൾ സ്വീകരിക്കും. കാരണം ഒരു വർഷത്തെ വരുമാനത്തിന്റെ പ്രശ്നമല്ല, സംസ്ഥാനത്തിന്റെ വരാൻപോകുന്ന അഞ്ച് വർഷത്തെ ഭാവിയുടെ പ്രശ്നമാണ്. അതുകൊണ്ട് മറ്റ് സംസ്ഥാനങ്ങളുമായി യോജിച്ച് കൂടുതൽ ഇടപെടുന്നതിനും ഒരു പൊതുജനാഭിപ്രായം വളർത്തുന്നതിനുംവേണ്ടിയുള്ള നടപടികൾ സ്വീകരിക്കും.

(2) <u>ബ്രഹ്മപുരം മാലിന്യപ്ലാന്റ്</u>

<u>ശ്രീ. പി. ടി. തോമസ്</u>: സർ, കൊച്ചിൻ കോർപ്പറേഷനും തൃക്കാക്കര, അങ്കമാലി, ആലുവ, കളമശ്ശേരി, തൃപ്പൂണിത്തുറ എന്നീ അഞ്ച് മുനിസിപ്പാലിറ്റികളും വടവുകോട്-പുത്തൻകുരിശ് പഞ്ചായത്തും ചേരാനെല്ലൂർ, കുമ്പളങ്ങി പഞ്ചായത്തുകളും അവരുടെ മാലിന്യങ്ങൾ മുഴുവൻ നിക്ഷേപിക്കുന്ന സ്ഥലമാണ് ബ്രഹ്മപുരം. ബ്രഹ്മപുരത്ത് പുതിയ മാലിന്യസംസ്കരണ പ്ലാന്റിനായുള്ള നടപടിക്രമങ്ങൾ നല്ല രീതിയിൽ

പുരോഗമിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിലും ഇതുവരെ അതിന് പൂർണ്ണ തോതിലുള്ള പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ബ്രഹ്മപുരം പ്ലാന്റ് കാരണം തൃക്കാക്കര നിയോജകമണ്ഡലത്തിൽ ജീവിക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. പ്രത്യേകിച്ച് രാവിലെയും വൈകുന്നേരവും ദുർഗന്ധം കാരണം അവിടുത്തെ ആളുകൾക്ക് ജീവിക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. മൂവായിരത്തോളം കുട്ടികൾ പഠിക്കുന്ന രാജഗിരി കോളേജ് പോലെയുള്ള കലാലയങ്ങളും കളക്ടറേറ്റ് അടക്കമുള്ള സ്ഥാപനങ്ങളുമുള്ള പ്രസ്തുത മേഖലയിൽ മാലിന്യസംസ്കരണ പ്ലാന്റ് ഉയർത്തുന്ന ഗുരുതരമായ പ്രശ്നങ്ങളിലേക്കാണ് ഞാൻ ബഹുമാനപ്പെട്ട സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്.

എന്റെ ബഹുമാന്യസുഹൃത്തും കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ എം.എൽ.എ.-യുമായ ശ്രീ. വി. പി. സജീന്ദ്രനും ഈ വിഷയം പലതവണ ഈ സഭയിൽ ഉന്നയിച്ചിട്ടുണ്ട്. നേരത്തെ സൂചിപ്പിച്ച അഞ്ച് മുനിസിപ്പാലിറ്റികളിലെയും രണ്ട് പഞ്ചായത്തുകളിലെയും കോർപ്പറേഷന്റെയും മാലിന്യങ്ങളെല്ലാം കൊണ്ടുപോകുന്നത് തൃക്കാക്കരയിലൂടെയാണ്. പലപ്പോഴും തുറന്ന വാഹനങ്ങളിലാണ് അവ കൊണ്ടുപോകുന്നത്. അവയിൽനിന്നും

മലിനജലം ഒഴുകികൊണ്ടിരിക്കുന്നു. അവയിൽനിന്ന് ഉണ്ടാകുന്ന ദുർഗന്ധം ആ പ്രദേശത്താകെ ഗുരുതരമായ ഒരു സാഹചര്യം സൃഷ്ടിച്ചിരിക്കുകയാണ്. കവചിത വാഹനങ്ങളിൽ മാലിന്യം കൊണ്ടുപോകണമെന്നുള്ളത് വളരെ കൃത്യമായി പാലിക്കുന്നില്ലായെന്നത് ഗുരുതരമായ പ്രശ്നമാണ്. കൊച്ചിൻ കോർപ്പറേഷനിലെ ഏഴ് ലക്ഷത്തോളം ആളുകളും മറ്റ് മുനിസിപ്പാലിറ്റികളിലെ ഏകദേശം മൂന്ന് ലക്ഷം ആളുകളും മൂന്ന് പഞ്ചായത്തുകളിലുമായുള്ള ഏകദേശം ഒരു ലക്ഷം ആളുകളും ഉൾപ്പെടെ 11-12 ലക്ഷം ആളുകൾ അവരുടെ ഉപയോഗശേഷം തള്ളുന്ന മാലിന്യങ്ങളാണ് ഇവിടെ സംസ്കരിക്കപ്പെടുന്നത്. 2008-ൽ കൊച്ചിൻ കോർപ്പറേഷൻ 16 കോടി രൂപ മുടക്കി ഇങ്ങനെയൊരു പ്ലാന്റ് സ്ഥാപിച്ചെങ്കിലും പ്രസ്തുത പ്ലാന്റ് ഫലപ്രദമാകാതെ പോയതും ഇത്തരം പ്രശ്നങ്ങൾക്ക് കാരണമാണ്. 2016 ഫെബ്രുവരിയിൽ ജി. ജെ. ഇക്കോപവർ പ്രൈവറ്റ് ലിമിറ്റഡ് എന്ന ഒരു കമ്പനിയുമായി സർക്കാർ ഒരു കരാറുണ്ടാക്കി. അതിന്റെ പേമെന്റ് മെക്കാനിസം സംബന്ധിച്ചുള്ള ഉത്തരവിറങ്ങാൻ കാലതാമസം വന്നില്ലായിരുന്നെങ്കിൽ പണികൾ ആരംഭിക്കാമായിരുന്നുവെന്നാണ് അവർ പറയുന്നത്. സർക്കാർ ലീസ് എഗ്രിമെന്റ് 16.01.2020-ൽ ഇറക്കിയെങ്കിലും കൊച്ചിൻ കോർപ്പറേഷൻ അതിനോട് സഹകരിച്ചില്ല. സർക്കാർ ഉണ്ടാക്കിയ

ലീസ് എഗ്രിമെന്റ് കൊച്ചിൻ കോർപ്പറേഷൻ റിജക്ട് ചെയ്യുകയും പിന്നീട് ആ എഗ്രിമെന്റ് സർക്കാർ ഉറപ്പിക്കുകയുമാണ് ചെയ്തത്.

മാലിന്യത്തിൽനിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്ന കാര്യത്തെ സംബന്ധിച്ച്, ബ്രഹ്മപുരം വൈദ്യുത പ്ലാന്റുമായി ബന്ധപ്പെട്ട പണികളും മന്ദഗതിയിലാണ് പോകുന്നത്. ഒരു വർഷം ഏകദേശം ആറ് കോടി രൂപ കോർപ്പറേഷൻ ജി. ജെ. ഇക്കോപവർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് നഷ്ടപരിഹാരമായി നൽകേണ്ടി വരുമെന്നാണ് അറിയുന്നത്. കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള 90 ഏക്കറോളം സ്ഥലത്തിൽനിന്നും 20 ഏക്കറോളം സ്ഥലം ജി. ജെ. ഇക്കോപവർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് കോർപ്പറേഷൻ വിട്ടുകൊടുത്തിരിക്കുകയാണ്. പ്രസ്തുത പ്ലാന്റിന്റെ പ്രവർത്തനം 2020 ഫെബ്രുവരി 1-ന് ഭാഗികമായും 17 മാസം കൊണ്ട് പൂർണ്ണമായും പൂർത്തിയാക്കുമെന്നാണ് ഇതുവരെ ഇതുസംബന്ധിച്ച് നടന്ന ചർച്ചകളിലൊക്കെ പറഞ്ഞിരുന്നത്. അതിനാൽ ഇത് സമയബന്ധിതമായി പൂർത്തിയാക്കാനുള്ള ഇടപെടലുണ്ടാകണമെന്നാണ് പ്രധാനമായും ആവശ്യപ്പെടാനുള്ളത്. ദുർഗന്ധം വമിക്കുന്നതിനെതിരെ വലിയ ശ്രദ്ധയുണ്ടാകണം. ഇതിനോട് തൊട്ടുചേർന്നുള്ള കടമ്പ്രയാറ് പൂർണ്ണമായും മാലിന്യങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുകയാണ്.

ബി.പി.സി.എൽ., സ്മാർട്ട് സിറ്റി, ഇൻഫോ പാർക്ക്, കിൻഫ്രയുടെ സ്ഥാപനങ്ങൾ, നിറ്റാ ജലാറ്റിന്റെ സ്ഥാപനങ്ങൾ, കാർബൺ കമ്പനികൾ, കടലാസ് കമ്പനികൾ തുടങ്ങിയ അനവധി കമ്പനികളും രാജഗിരി കോളേജ് അടക്കമുള്ള സ്ഥാപനങ്ങളുമെല്ലാം വല്ലാത്ത ഒരു പ്രതിസന്ധിയാണ് ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്നത്. അതിനൊരു പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കണം എന്നുകൂടി ഞാൻ ആവശ്യപ്പെടുകയാണ്. ഇതോടൊപ്പം ഒരു ഗ്രീൻ ബെൽറ്റ് സ്ഥാപിക്കുന്നതിനെ സംബന്ധിച്ചും ചർച്ചകൾ നടത്തിയിരുന്നു, അതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായി എന്നുള്ളതും പ്രാധാന്യം അർഹിക്കുന്ന കാര്യമാണ്. കൊച്ചി നഗരസഭയിൽ ഒരു ദിവസം ഏകദേശം മൂന്നര ലക്ഷം ടൺ കക്കൂസ് മാലിന്യം ഉണ്ടാകുന്നുണ്ടെന്നാണ് പറയപ്പെടുന്നത്. ഇതിൽ 12 ലോഡ് കക്കൂസ് മാലിന്യം സംസ്കരിക്കാനുള്ള സൗകര്യം മാത്രമാണ് ഇപ്പോൾ അവിടെയുള്ളത്. അവ പൂർണ്ണമായും സംസ്കരിക്കാനുള്ള സൗകര്യം ഉണ്ടാക്കണമെന്നും അഭ്യർത്ഥിക്കുകയാണ്. ഇനോക്കുലമെന്ന ജൈവ ലായനിയാണ് ദുർഗന്ധം പുറത്തേക്ക് വരാതിരിക്കാൻ മാലിന്യങ്ങളിൽ തളിക്കുന്നത്. ഈ മാലിന്യങ്ങൾ ഇളക്കുമ്പോൾ ഇനോക്കുലമെന്ന ജൈവലായനി ആവശ്യത്തിന് തളിക്കാത്തതിനാൽ ആ പ്രദേശത്തെ

ജനങ്ങൾക്ക് ജീവിക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യങ്ങളിൽ ഇടപെടുന്നുണ്ടെന്ന കാര്യത്തിൽ വളരെ സന്തോഷമുണ്ടെങ്കിലും ഇവിടെ പറഞ്ഞ കാര്യങ്ങളുടെ പശ്ചാത്തലത്തിൽ അടിയന്തരമായി മാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാക്കാനും അഞ്ച് മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനിലെയും മാലിന്യങ്ങളുടെ മൂവ്മെന്റ് ശക്തിപ്പെടുത്താനും അവ കവചിത വാഹനങ്ങളിൽ കൊണ്ടുപോകുകവഴി തൃക്കാക്കരയിൽ അധിവസിക്കുന്ന ജനങ്ങൾക്കുണ്ടാകുന്ന ബുന്ധിമുട്ട് പരിഹരിക്കാനും കൂടുതൽ ശക്തമായി ഇക്കാര്യങ്ങളിൽ ഇടപെട്ട് ഏറ്റവും വേഗത്തിൽ കേരളത്തിലെ മാതൃകാപരമായ ഒരു മാലിന്യ സംസ്കരണ പ്ലാന്റായി ബ്രഹ്മപുരത്തെ മാറ്റാനുമുള്ള ശക്തമായ നടപടി ഗവൺമെന്റ് എടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി <u>(ശ്രീ. എ. സി. മൊയ്തീൻ)</u>: സർ, കൊച്ചി കോർപ്പറേഷനുകീഴിൽ ബ്രഹ്മപുരത്ത് പ്രവർത്തിക്കുന്ന മാലിന്യ സംസ്കരണ പ്ലാന്റിൽ കൊച്ചി നഗരസഭയിലെ 74 ഡിവിഷനുകളിലെ മാലിന്യങ്ങളും സമീപ നഗരസഭകളായ അങ്കമാലി, ആലുവ, തൃക്കാക്കര, തൃപ്പൂണിത്തുറ, കളമശ്ശേരി എന്നിവിടങ്ങളിൽനിന്നും സമീപ പഞ്ചായത്തുകളായ കുമ്പളങ്ങി, വടവുകോട്-

പുത്തൻകുരിശ്, ചേരാനെല്ലൂർ എന്നിവിടങ്ങളിൽ നിന്നുമുള്ള ജൈവ മാലിന്യങ്ങളും നിലവിൽ ശേഖരിക്കുന്നുണ്ട്. കൊച്ചിയിലെയും സമീപപ്രദേശങ്ങളിലെയും മാലിന്യസംസ്കരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നിലവിലെ മാലിന്യസംസ്കരണ പ്ലാന്റ് സ്ഥിതി ചെയ്യുന്ന ബ്രഹ്മപുരത്ത് നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ഖരമാലിന്യം സംസ്കരിച്ച് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന തരത്തിലുള്ള മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് 04.01.2016-ലെ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്ലാന്റിന്റെ നിർമ്മാണത്തിനും നടത്തിപ്പിനുമായി 2016 സെപ്റ്റംബർ മാസം 17-ന് കൊച്ചി കോർപ്പറേഷനും പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്ത ജി.ജെ ഇക്കോപവർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി കൺസഷൻ എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ കരാർ പ്രകാരം കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലും സമീപ മുനിസിപ്പാലിറ്റികളിലും ഉത്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യങ്ങൾ കോർപ്പറേഷൻ പ്ലാന്റിൽ എത്തിക്കേണ്ടതും കമ്പനി അവ സംസ്കരിച്ച് വൈദ്യുതി ഉത്പാദിപ്പിക്കേണ്ടതുമാണ്. പ്രതിദിനം 500 ടൺ വരെ സംസ്കരണശേഷി ഉള്ളതായിരിക്കും പ്രസ്തുത പ്ലാന്റ്. എന്നാൽ പദ്ധതി തുടങ്ങുന്നതിന് ആവശ്യമായ

പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിനും പ്ലാന്റിന്റെ നിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തുന്നതിനും കമ്പനിക്കുണ്ടായ കാലതാമസവും കാരണം കൃത്യസമയത്ത് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിച്ചില്ല. പദ്ധതി തുടങ്ങുന്നതിനുള്ള എല്ലാ അനുമതികളും ക്ലിയറൻസും ഇപ്പോൾ കമ്പനിക്ക് ലഭ്യമായിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട പാരിസ്ഥിതികാഘാത നിർണ്ണയ പഠനം 2019 മെയ് മാസത്തിൽ കമ്പനി പൂർത്തീകരിക്കുകയും തുടർന്നുനടന്ന ജനഹിത പരിശോധനയുടെയും മറ്റ് നടപടികളുടെയും അടിസ്ഥാനത്തിൽ 2019 സെപ്റ്റംബറിൽ പദ്ധതിക്കാവശ്യമായ പാരിസ്ഥിതികാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്ലാന്റിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതി വാങ്ങുവാനുള്ള നിരക്ക് ആറ് രൂപ പതിനേഴ് പൈസ ആയി നിശ്ചയിച്ചുകൊണ്ട് പവർ പർച്ചേസ് എഗ്രിമെന്റ് 2019 ജൂൺ 19-ന് വൈദ്യുതി ബോർഡും കമ്പനിയും തമ്മിൽ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല ഉപദേശക സമിതി 12.12.2018-ലെ യോഗത്തിൽ പദ്ധതിക്കാവശ്യമായ ഫണ്ട് കണ്ടെത്തുന്നതിന് കൺസഷൻ ഉടമ്പടി ലീസ് എഗ്രിമെന്റ് ആക്കി മാറ്റുന്നതിന് തീരുമാനിക്കുകയും ആയതുപ്രകാരം 16.01.2020-ലെ ഉത്തരവ് പ്രകാരം

പദ്ധതിക്കായുള്ള ഭൂമി ദീർഘകാല പാട്ടവ്യവസ്ഥയിൽ കമ്പനിക്ക് നൽകുന്നതിന് കൊച്ചി കോർപ്പറേഷന് സർക്കാർ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പ്ലാന്റിൽ ഉത്പാദിപ്പിക്കുന്ന അധിക വൈദ്യുതിക്ക് നിശ്ചയിച്ച് നൽകിയ നിരക്കിന് ശേഷം നൽകേണ്ട വയബിലിറ്റി ഗ്യാപ്പ് സർക്കാരും പങ്കാളിയാകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് വഹിക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകാതെതന്നെ തുടങ്ങാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മുൻപ് കോടതിയുടെ ഇടപെടലും ദേശീയ ഹരിത ട്രിബ്യൂണൽ (എൻ.ജി.ടി.)-ന്റെ ചില നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് അടിയന്തര നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിരുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും കോർപ്പറേഷൻ അധികൃതരേയും പങ്കെടുപ്പിച്ചുകൊണ്ട് മീറ്റിംഗുകൾ നടത്തി ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ എന്ന രീതിയിലുള്ള ധാരണകൾ ഉണ്ടാക്കിയിരുന്നു. ഹ്രസ്വകാല പദ്ധതികളിൽ അനവധി കാര്യങ്ങൾ നടന്നു. അതിനുശേഷം ചെയ്യേണ്ട പദ്ധതികളിൽ ഇപ്പോഴും വീഴ്ചയാണ് ഉണ്ടായിരിക്കുന്നത്. അക്കാര്യം കോർപ്പറേഷന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അടച്ചുറപ്പില്ലാത്ത വാഹനങ്ങളിൽ

മാലിന്യങ്ങൾ കൊണ്ടുപോകുന്നത് പോലെയുള്ള പ്രശ്നങ്ങളെ സംബന്ധിച്ച് അന്ന് നിർദ്ദേശം നൽകിയിരുന്നെങ്കിലും പൂർണ്ണമായി പരിഹരിക്കാൻ സാധിച്ചിട്ടില്ല. വരുന്ന മാലിന്യങ്ങൾ സെഗ്രഗേറ്റ് ചെയ്ത് വരണമെന്ന് തീരുമാനിച്ചിരുന്നു. അക്കാര്യം നടപ്പാക്കാൻ ശ്രമിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് എറണാകുളം കോർപ്പറേഷനിലും സമീപപ്രദേശങ്ങളിലും വേണ്ട അളവിൽ ഇപ്പോഴും ഉണ്ടായിട്ടില്ല എന്ന പ്രശ്നം നിലനിൽക്കുകയാണ്, അക്കാര്യത്തിനും പരിഹാരം കാണാനായി ശ്രമിക്കുന്നതാണ്.

ശ്രീ. പി. ടി. തോമസ്: സർ, മാലിന്യസംസ്കരണ പ്ലാന്റിന്റെ പണി ആരംഭിക്കാൻ സാധിക്കുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. പതിനേഴ് മാസത്തെ കാലാവധിയാണ് പ്രസ്തുത പ്ലാന്റിന്റെ നിർമ്മാണത്തിനായി പറഞ്ഞിരിക്കുന്നത്. പതിനേഴ് മാസം എന്ന കാലാവധി പറഞ്ഞ് നമ്മുടെ നാട്ടിൽ ഏതൊരു സ്ഥാപനത്തിന്റെ പണികൾ ആരംഭിച്ചാലും എഴുപത് മാസം വരെ നീണ്ടുപോകുന്ന സാഹചര്യം ഉണ്ട്. അതിനാൽ സമയക്ലിപ്തത പാലിക്കുവാനായി, ഇവയുടെ പണികൾ പൂർത്തിയാകുന്നതുവരെ രണ്ടുമാസത്തിൽ ഒരിക്കലെങ്കിലും പ്ലാന്റിന്റെ നിർമ്മാണ പ്രവൃത്തികളുടെ

പുരോഗതി വിലയിരുത്താൻ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, തീർച്ചയായും. ഇത്തരത്തിലൊരു പദ്ധതിയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ മോണിറ്ററിംഗ് നടത്താൻ ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കാൻ ഗവൺമെന്റ് തയ്യാറാകും.